LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

57(5212) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ ഇതുവരെ 20,933 അപേക്ഷകർക്ക് ആകെ 207.29 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നറിയിക്കുമോ?

ഈ പദ്ധതിയുടെ കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം 2016-18-ലെ 950 അപേക്ഷകളിലും 2018-19-ലെ 501 അപേക്ഷകളിലും 2019-20-ലെ 4 അപേക്ഷകളിലുമായി ആകെ 10.83 കോടി രൂപ സഹായധനമായി അനുവദിച്ചിട്ടുണ്ട്.

2020-21 ലെ ബഡ്ജറ്റ്

58(5214) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസ്സാക്കിയത്; 2021 മാർച്ച് 31 വരെ ഓരോ വകുപ്പിനും നീക്കിവച്ച തുകയും ചെലവഴിക്കപ്പെട്ട തുകയും വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം 208946.79 കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസ്സാക്കിയത് (ഉപധനാഭ്യർത്ഥന ഉൾപ്പെടെ). ഓരോ വകുപ്പിനും ധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), അക്കൗണ്ടന്റ് ജനറലിന്റെ 2021 മാർച്ച് 31 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.